**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1980** **25.03.2013-ൽ മറുപടിക്ക്.**

## കുന്നംകുളം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ ജലം ലഭിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കുന്നംകുളം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ വേനൽകാലത്ത് ദിനം പ്രതി എത്ര ഫോൺ കോളുകളാണ് ശരാശരി എത്താറുള്ളത്; | : (എ) 5 എണ്ണം. |
| (ബി) സേവനമേഖലയുടെ വലിപ്പം കൊണ്ടും, തീയണയ്ക്കാനുള്ള ഫോൺ കോളുകളുടെ എണ്ണം കൊണ്ടും സംസ്ഥാനത്തുതന്നെ മുന്നിൽ നിൽക്കുന്ന ഈ സ്റ്റേഷനിൽ ആവശ്യത്തിന് വെള്ളം ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ഉണ്ട്. |
| (സി) എങ്കിൽ ഈ സ്റ്റേഷൻ കോമ്പൗണ്ടിൽ ആവശ്യത്തിനുള്ള ജലം ലഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ;<br>(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | : (സി) & (ഡി)<br>അഗ്നിശമന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജലം കുന്നംകുളം മുനിസിപ്പാലിറ്റി കാര്യാലയത്തിന്റെ കോമ്പൗണ്ടിലെ പമ്പിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഒരു പ്രത്യേക പൈപ്പ് ലൈൻ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലേയ്ക്ക് സജ്ജീകരിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും 1,91,250/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി മുൻസിപ്പൽ അധികൃതർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ